# വിപാസ്സന മെഡിക്കൽ മിഷൻ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ വിപാസ്സന വൈകാരിക സഹായ കേന്ദ്രം, ഓർത്തഡോക്സ് മെഡിക്കൽ ഫോറം, കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ സെന്റ് പോൾസ് മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ **'മെഡിക്കൽ മിഷൻ: നൂതന സംരംഭങ്ങൾ'** എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കോപ്റ്റിക് മെഡിക്കൽ മിഷൻ ഡയറക്ടർ ഡോ. ആബുന ദാവൂദ് ലാമായി സെമിനാർ ഉദ്ഘാടനം ചെയ്തു. ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദ്ധർ തങ്ങളുടെ സമയത്തിന്റെ ദശാംശം സൗജന്യ സേവനമായി പൊതു സമൂഹത്തിനു നൽകിയാൽ ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്ന് അദ്ദേഹം പറഞ്ഞു. മാനവശാക്തീകരണ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ഫാ. പി. എ. ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

ആബുന മാർക്കോസ്, ആബുന സോളമൻ, ഓർത്തഡോക്സ് മെഡിക്കൽ ഫോറം ജനറൽ സെക്രട്ടറി ഡോ.വറുഗീസ് പുന്നൂസ്, വിപാസ്സന ഡയറക്ടർ ഡോ. സിബി തരകൻ, ഡോ. ജോസഫ് പി. വറുഗീസ്, ഡോ. അന്നമ്മ വറുഗീസ്, ഡോ. റോസമ്മ അലക്സ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മെഡിക്കൽ മിഷൻ രംഗത്തുള്ള സഹകരണ സാധ്യതകൾ യോഗത്തിൽ ചർച്ചചെയ്തു.